**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1359** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിൽ പാചകപ്പുര, സ്റ്റോർ എന്നിവയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ചെലവഴിച്ചു കൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പാചകപ്പുര, സ്റ്റോർ യൂണിറ്റുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലെത്തി എന്ന് വ്യക്തമാക്കാമോ; | (എ) | **പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണത്തിനായി 1974 സ്കൂളുകൾ ക്കാണ് ഇതുവരെ തുക അലോട്ട് ചെയ്തിട്ടുള്ളത്. 86 സ്കൂളുകൾ ഇതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 197 സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. ട്രഷറി അലോട്ട്മെന്റായി നൽകിയ തുക മാറിയെടുക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ ഭൂരിഭാഗം സ്കൂളുകൾ ക്കും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.** |
| (ബി) | ഇരിക്കൂർ മണ്ഡലത്തിലെ ഏതൊക്കെ വിദ്യാലയങ്ങളെ പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോ വിദ്യാലയത്തിനും അനുവദിച്ച തുകയും നിർമ്മാണ പുരോഗതിയും വ്യക്തമാക്കാമോ; | (ബി) | ജില്ല, സബ്-ജില്ല അടിസ്ഥാനത്തി ലാണ് സ്കൂളുകളെ തെരഞ്ഞെടുത്തി ട്ടുള്ളത്. ഇതിൽ ഇരിക്കൂർ നിയമസഭാ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 40 സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഓരോ വിദ്യാലയത്തിനും അനുവദിച്ച തുകയും നിർമ്മാണ പുരോഗതിയും സംബന്ധിച്ച വിവരം **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; നടപ്പ സാമ്പത്തിക വർഷം ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്? | (സി) | ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനും അരി ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും സ്കൂളുകളിൽ സ്ഥിരം പാചകപ്പുര – കം - സ്റ്റോർ യൂണിറ്റുകൾ ആവശ്യമാണ്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നോൺ-റക്കറിംഗ് വിഭാഗത്തിന് കീഴിലാണ് ഇവ നിർമ്മിക്കുന്നതിന് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നത് . ടി ഫണ്ടിന്റെ 60 % കേന്ദ്രവിഹിതവും 40 % സംസ്ഥാന വിഹിതവുമായിരിക്കും. പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ ആവശ്യമായ സ്കൂളുകളുടെ ലിസ്റ്റുകൾ കേന്ദ്രസർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങി തുടർന്ന് കേന്ദ്ര വിഹിതവും സംസ്ഥാന മാൻഡേറ്ററി വിഹിതവും ലഭ്യമാകുന്ന മുറയ്ക്കാണ് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നത്. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം , പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾക്ക് |

| | | | |
|---|---|---|---|
| | | | പ്രത്യേകം കെട്ടിടം ഇല്ലാത്ത സ്കൂളുകൾക്ക് അവ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലായ പാചകപ്പുരകൾ ഉള്ളയിടങ്ങളിൽ അതിന് പകരം പുതിയത് നിർമ്മിക്കുന്നതിനുമാണ് ഫണ്ട് അനുവദിക്കുന്നത്. ഒരിക്കൽ ഫണ്ട് നൽകിയ സ്കൂളുകൾക്ക് പിന്നീട് ഫണ്ട് നൽകുന്നതല്ല. സർക്കാർ വിദ്യാലയ ങ്ങൾക്ക് പുറമെ എയ്ഡഡ്, സ്പെഷ്യൽ വിദ്യാലയങ്ങൾക്കും ടി ഫണ്ട് അനുവദിക്കുന്നു.<br><br>കേന്ദ്ര - സംസ്ഥാന ഫണ്ടുകൾ വിനിയോഗിച്ച് 3031 സ്കൂളുകളിൽ പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. നിലവിൽ പദ്ധതിയ്ക്ക് കീഴിൽ, സംസ്ഥാനത്തെ 1057 സ്കൂളുകളിലുംകൂടി പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുവാൻ സാധിക്കുന്നതാണ്. ടി സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്ത തിനാൽ ഇരിക്കൂർ മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾ ഇതിൽ ഉൾപ്പെട്ടുമെന്ന് നിലവിൽ പറയുവാൻ സാധിക്കുകയില്ല. ജൂലൈ 30 നുള്ളിൽതന്നെ ലിസ്റ്റ് തയ്യാറാക്കുന്ന തിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പാചകപ്പുര-കം-സ്റ്റോർ നിർമ്മാണത്തിന് ഫണ്ട് ലഭിച്ച ഇരിക്കൂർ മണ്ഡലത്തിലെ സ്കൂളുകളുടെ ലിസ്റ്റ്**

| ക്രമ നമ്പർ | സ്കൂൾ | ഗവ/എയ്ഡഡ് | തുക (രൂപയിൽ) | നിർമ്മാണ പുരോഗതി |
|---|---|---|---|---|
| 1 | ജി.എച്ച്.എസ് കൊയ്യം | ഗവ | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 2 | എൻ.വി.എ എൽ.പി.എസ് പെരുമാണ്ണ് | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 3 | സെന്റ് സെബാസ്റ്റ്യൻ എൽ.പി.എസ് രത്നഗിരി | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 4 | സെന്റ് തോമസ് എൽ.പി.എസ് കോട്ടൂർവയൽ | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 5 | കോട്ടൂർ എ.യു.പി.എസ് | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 6 | ബി.ടി.എം എൽ.പി.എസ് ചുഴലി | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 7 | ഊരത്തൂർ എ.എൽ.പി സ്കൂൾ | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 8 | സെന്റ് അഗസ്റ്റിൻ എച്ച്.എസ് നെല്ലിക്കുറ്റി | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 9 | കുയിലൂർ എ.എൽ.പി സ്കൂൾ | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 10 | കാഞ്ഞിലേരി എ.എൽ.പി സ്കൂൾ | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 11 | എള്ളിരിഞ്ഞി എ.എൽ.പി സ്കൂൾ | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 12 | മലപ്പട്ടം മാപ്പിള എൽ.പി സ്കൂൾ | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 13 | സെന്റ് സെബാസ്റ്റ്യൻ എൽ.പി.എസ് നെല്ലിക്കംപോയിൽ | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 14 | സെന്റ് ജോസഫ് എൽ.പി.എസ് അരീക്കാമല | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 15 | തവരുൽ എൽ.പി സ്കൂൾ | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 16 | മേരി ക്വീൻ എച്ച്.എസ് കുടിയാന്മല | എയ്ഡഡ് | 712992 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 17 | നിർമ്മല എച്ച്.എസ് ചെമ്പേരി | എയ്ഡഡ് | 712992 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 18 | ചെറുപുഷ്പ യു.പി.എസ് ചന്ദനക്കാം പാറ | എയ്ഡഡ് | 712992 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 19 | ചെറുപുഷ്പ എൽ.പി.എസ് ചന്ദനക്കാം പാറ | എയ്ഡഡ് | 712992 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 20 | ചാരിസ് യു.പി.എസ് മാറ്ററ | എയ്ഡഡ് | 712992 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 21 | ചേടിചേരി എൽ.പി.എസ് | എയ്ഡഡ് | 712992 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 22 | എസ്.എൻ.വി എൽ.പി.എസ് ചേപറമ്പ | എയ്ഡഡ് | 712992 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 23 | സെന്റ് ജോർജ് എച്ച്.എസ് ചെമ്പൻതൊട്ടി | എയ്ഡഡ് | 712992 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 24 | കെ.കെ.എൻ.എം.എ യു.പി.എസ് എരുവേശി | എയ്ഡഡ് | 712992 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 25 | പട്ടുവം വാണിവിലാസം എ.എൽ.പി.എസ് | എയ്ഡഡ് | 712992 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 26 | ജി.എച്ച്.എസ് ശ്രീകണ്ഠാപുരം | ഗവ | 712992 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 27 | ജി.യു.പി.എസ് വയക്കര | ഗവ | 770000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 28 | ചെങ്ങളായി എ.യു.പി.എസ് | എയ്ഡഡ് | 770000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 29 | കല്യാട് എ.യു.പി.എസ് | എയ്ഡഡ് | 770000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 30 | ഗാന്ധി സ്മാരകം യു.പി.എസ് നെല്ലിക്കുറ്റി | എയ്ഡഡ് | 858976 | നിർമ്മാണം ആരംഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 31 | നിർമ്മല യു.പി.എസ് ചെമ്പേരി | എയ്ഡഡ് | 858976 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 32 | സെന്റ് ആന്റണി യു.പി.എസ് പേരട്ട | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 33 | സെന്റ് ജോസഫ് എച്ച്.എസ് പുലിക്കുരുമ്പ | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 34 | സെന്റ് ജോസഫ് യു.പി.എസ് പുലിക്കുരുമ്പ | എയ്ഡഡ് | 770000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 35 | മേരി ഗിരി എച്ച്.എസ് തേർത്തല്ലി | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 36 | ഭാരതാംബിക യു.പി.എസ് പൊട്ടം പ്ലാവ് | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 37 | ജെ.എം യു.പി.എസ് പാത്തംപാറ | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 38 | എച്ച്.എഫ് എൽ.പി.എസ് നെല്ലിപ്പാറ | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 39 | ജി.യു.പി.എസ് വിജയഗിരി | എയ്ഡഡ് | 600000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 40 | നടുവിൽ എച്ച്.എസ് | എയ്ഡഡ് | 858976 | നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു |